# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 552 | 05.06.2018 - ൽ മറുപടിയ്ക്ക് |
|---|---|

## ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ. റോജി എം. ജോൺ | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ചരക്ക് ഗതാഗതത്തെ ട്രാക്ക് ചെയ്യുന്നതിനുള്ള ഇ-വേ ബിൽ സമ്പ്രദായം സംസ്ഥാനത്ത് പൂർണ്ണ തോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ; | (എ) യും (ബി) യും | 2018 ഏപ്രിൽ 1 മുതൽ അന്തർ സംസ്ഥാന ചരക്കുനീക്കങ്ങൾക്കും 2018 ഏപ്രിൽ 15 മുതൽ സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കങ്ങൾക്കും ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്. ഇ-വേ ബിൽ സമ്പ്രദായത്തിന്റെ ഫലപ്രാപ്തി വിലയിരുത്താൻ സമയമായിട്ടില്ല. ചരക്കുനീക്കം തുടങ്ങുന്നതിനുമുമ്പ് തന്നെ അതിനെക്കുറിച്ചുള്ള വിവരങ്ങൾ ഇ-വേ ബിൽ മുഖേന ഡിക്ലയർ ചെയ്യേണ്ടതുള്ളതിനാൽ ഈ സമ്പ്രദായത്തിലൂടെ നികുതിവെട്ടിപ്പ് ഗണ്യമായി കുറയും എന്നാണ് കണക്കാക്കുന്നത്. |
| (ബി) | പ്രസ്തുത സമ്പ്രദായം പ്രാവർത്തികമാക്കിയതോടു കൂടി നികുതി വെട്ടിപ്പ് ഗണ്യമായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | | |
| (സി) | ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവർ നടത്തുന്ന പരിശോധന നികുതി വെട്ടിപ്പ് തടയുന്നതിന് എത്രമാത്രം സഹായകമായി എന്ന് വ്യക്തമാക്കാമോ; | (സി) | ജി.എസ്.ടി നിയമപ്രകാരം ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നിർത്തലാക്കിയതിനെത്തുടർന്ന് ചരക്കുനീക്കം പരിശോധിക്കുന്നതിന് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനുവേണ്ടി, ചെക്ക്പോസ്റ്റുകളിൽ ജോലിചെയ്തിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യാസം നടത്തി ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇ-വേ ബിൽ പരിശോധിക്കുന്നതിനാവശ്യമായ സാങ്കേതികസംവിധാനങ്ങളും പരിശീലനങ്ങളും ഇന്റലിജൻസ് വിഭാഗത്തിന് നൽകിയിട്ടുണ്ട്. ഇന്റലിജൻസ് വിഭാഗത്തിന്റെ പരിശോധനയിലൂടെ നികുതിവെട്ടിപ്പ് തടയുന്നതിന് സാധിച്ചിട്ടുണ്ട്. |
| (ഡി) | രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത ഇരുപത് ലക്ഷം രൂപയിൽ താഴെ വിറ്റ് | (ഡി) | രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത ഇരുപത് ലക്ഷം രൂപയിൽ താഴെ വിറ്റ് വരവ് ഉള്ള വ്യാപാരികളും നികുതി കോമ്പൗണ്ടിംഗ് പദ്ധതി |

| | | | |
|---|---|---|---|
| | വരവ് ഉള്ള വ്യാപാരികളും നികുതി കോമ്പൗണ്ടിംഗ് പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ള വ്യാപാരികളും ഉപഭോക്താക്കളിൽ നിന്നും നികുതി പിരിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇതിനുള്ള സംവിധാനമെന്താണെന്ന് വ്യക്തമാക്കുമോ; | | പ്രയോജനപ്പെടുത്തിയിട്ടുള്ള വ്യാപാരികളും ഉപഭോക്താക്കളിൽ നിന്നും നികുതി പിരിക്കുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ഇതുസംബന്ധിച്ച ബോധവത്കരണം നടത്തുന്നതിനു വേണ്ടി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതു കൂടാതെ പൊതുജനങ്ങൾക്ക് വ്യാപാരികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ മനസ്സിലാക്കുന്നതിനായി മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. ഇതിലൂടെ വ്യാപാരി നികുതി പിരിക്കുന്നതിന് അർഹനാണോ എന്ന വിവരം പൊതുജനങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും. |
| (ഇ) | സ്വർണ്ണത്തിന് നിലവിലുള്ള ജി.എസ്.ടി. നിരക്ക് എത്രയാണ്; സ്വർണ്ണ വ്യാപാരികൾ കൃത്യമായി നികുതി പിരിച്ച് അടയ്ക്കുന്നുണ്ടെന്ന് പരിശോധിയ്ക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ? | (ഇ) | സ്വർണ്ണത്തിന് നിലവിൽ 3% ആണ് ജി.എസ്.ടി. നിരക്ക്. ജി.എസ്.ടി യിൽ ഇതുവരെയും റിട്ടേൺ ഫയലിംഗ് പൂർണ്ണമായിട്ടില്ല. നിലവിൽ വിശദാംശങ്ങൾ ക്രോഡീകരിച്ച ലളിതമായ 3 B റിട്ടേൺ ആണ് വ്യാപാരികൾ ഫയൽ ചെയ്യുന്നത്. ഇതിൽ, കൂടുതൽ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ നികുതിയടവിനെ സംബന്ധിച്ച സൂക്ഷ്മമായ പരിശോധന ഇപ്പോൾ ചെയ്യുന്നതിന് വകുപ്പിന് പരിമിതികളുണ്ട്. |

**സെക്ഷൻ ഓഫീസർ**